Downloaded from: https://textbooksall.blogspot.com/

# ആമുഖം

മടങ്ങുകളേയും ഭാഗങ്ങളെയും ഭിന്നസംഖ്യകളുടെ ഗുണനമായി വ്യാഖ്യാനിക്കുകയും മടങ്ങും ഭാഗവും തമ്മിലുള്ള ബന്ധത്തിൽ നിന്ന് വ്യുൽക്രമം എന്ന ആശയം രൂപീകരിക്കുകയും ആണ് വേണ്ടത് അതിലൂടെ ഭിന്ന സംഖ്യകളുടെ ഹരണവും അവതരിപ്പിക്കണം ശരിയായ രീതിയിലുള്ള അവതരണത്തിലൂടെയും പ്രയോഗിക സന്ദർഭങ്ങൾ ഉപയോഗപെടുത്തിയും രസകരമായി ഈ ആശയം കുട്ടികളിൽ എത്തിക്കാൻ സാധിക്കണം.

## *ആശയങ്ങൾ*

■ ഒരു ഭിന്നസംഖ്യകളുടെ നിശ്ചിത മടങ്ങ് കാണുന്നതിന് ഭിന്നസംഖ്യയെ മടങ്ങിനെ സൂചിപ്പിക്കുന്ന സംഖ്യകൊണ്ട് ഗുണിക്കുകയാണ് ചെയ്യുന്നത്.

■ ഒരു എണ്ണൽ സംഖ്യയുടെ നിശ്ചിതഭാഗം കാണുന്നതിന് എണ്ണൽ സംഖ്യയെ ഭാഗത്തെ സൂചിപ്പിക്കുന്ന ഭിന്ന സംഖ്യകൊണ്ട് ഗുണിക്കണം.

■ ഒരു എണ്ണൽ സംഖ്യയും ഭിന്നസംഖ്യയും തമ്മിൽ ഗുണിക്കുന്നതിന് എണ്ണൽ സംഖ്യയും ഭിന്നസംഖ്യയുടെ അംശവും തമ്മിൽ ഗുണിച്ച് കിട്ടുന്ന സംഖ്യയെ ഛേദം കൊണ്ട് ഹരിച്ചാൽ മതി.

■ ഒരു ഭിന്നസംഖ്യയെ മറ്റൊരു ഭിന്നസംഖ്യകൊണ്ട് ഗുണിക്കുന്നതിന് അംശത്തെ അംശം കൊണ്ടും ഛേദത്തെ ഛേദം കൊണ്ടും ഗുണിച്ചാൽ മതി.

■ നീളവും വീതിയും ഭിന്നസംഖ്യകളായ ചതുരത്തിന്റെ പരപ്പളവ് അവയുടെ ഗുണനഫലമാണ്.

## *പഠന നേട്ടങ്ങൾ*

■ ഭാഗങ്ങളെയും മടങ്ങുകളെയും ഭിന്നസംഖ്യകളുടെ ഗുണനമായി വ്യാഖ്യാനിക്കുന്നു.

■ ഭിന്നസംഖ്യയും എണ്ണൽ സംഖ്യയും തമ്മിലുള്ള ഗുണനത്തെ മടങ്ങായും ഭാഗമായും വിശദീകരിച്ച് ഗുണനഫലം കണ്ടെത്തുന്നു.

■ ഭിന്നസംഖ്യകളുടെ ഗുണനത്തെ ഭാഗത്തിന്റെ ഭാഗമായി വ്യാഖ്യാനിച്ച് ഗുണനഫലം കണ്ടെത്തുന്നു.

■ നീളവും വീതിയും ഭിന്നസംഖ്യകളായ ചതുരത്തിന്റെ പരപ്പളവ് കണക്കാക്കുന്നതിനുള്ള രീതി സമർഥിക്കുന്നു.

## *സാമഗ്രികൾ*

വർക്ക് ഷീറ്റ്, റിബൺ,പേപ്പർ സ്ട്രിപ്പ് ,വെള്ളം ഗ്ലാസ്,കുപ്പി,ചാർട്ട് ചിത്രങ്ങൾ ...

## *പ്രതീക്ഷിത സമയം*

20 പിരിയഡ്

## *പ്രവർത്തനങ്ങൾ*

### മടങ്ങും ഗുണനവും(2 preriod )

ഭിന്ന സംഖ്യയുടെ നിശ്ചിത മടങ്ങിനെ ഗുണനമായി വ്യാഖ്യാനിച്ച് ക്രിയയായി എഴുതാം എന്ന് മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനമാണിത്.

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

ഒരു കുപ്പിയിൽ 250 മില്ലിലിറ്റർ വെള്ളം കൊള്ളും ഇത്തരത്തിലുള്ള മൂന്ന് കുപ്പികൾ നിറയ്ക്കാൻ എത്ര വെള്ളം വേണ്ടി വരുമെന്ന് കുട്ടികളോട് ചോദിക്കുന്നു

250 മില്ലിലിറ്റർ X 3 = 750 മില്ലിലിറ്റർ

എന്ന് കുട്ടികൾ പറയുന്നു. ഇത് 250 ന്റെ 3 മടങ്ങ് തന്നെയാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നു. ഇത്തരത്തിൽ സംഖ്യകളെ മടങ്ങുകളായി അവതരിപ്പിച്ച് ഗുണനമായി എഴുതാൻ കഴിയുന്നതിന് ഉപകരിക്കുന്ന **വർക്ക് ഷീറ്റ് 1** നൽകുന്നു. വർക്ക് ഷീറ്റ് വ്യക്തിഗതമായി ചെയ്യുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നു.ശേഷം വിലയിരുത്തുന്നു.

'മുൻപ് പറഞ്ഞ ഉദാഹരണത്തിൽ 250 മി.ലി.എന്നത് ലിറ്ററിൽ ആക്കി പറഞ്ഞാൽ എങ്ങനെയായിരിക്കും ,

250 മി.ലി = $\frac{1}{4}$ ലിറ്റർ

ഇതിന്റെ 3 മടങ്ങ് എന്നത $\frac{1}{4} x 3 = \frac{3}{4}$

എന്ന് കണ്ടെത്തുന്നു ഭിന്നസംഖ്യയുടെ നിശ്ചിത മടങ്ങിനെ ഗുണന ക്രിയയായി എഴുതുന്നത് വിലയിരുത്തുന്നതിന് ഉതകുന്ന **വർക്ക് ഷീറ്റ് 2** നൽകുന്നു.

## *ഭാഗവും ഗുണനവും* (2 preriod )

6 മീറ്റർ നീളമുള്ള ഒരു ചരട് 2 സമഭാഗങ്ങളാക്കി ഒരോ കഷ്ണത്തിന്റെയും നീളമെന്ത് ?

6 മീറ്ററിന്റെ പകുതി 3 മീറ്റർ. പകുതി എന്നതിന് $\frac{1}{2}$ ഭാഗം എന്നും പറയാം

6 മീറ്ററിന്റെ $\frac{1}{2}$ ഭാഗം 3 മീറ്റർ

സംഖ്യകൾ മാത്രം ഉപയോഗിച്ച് പറഞ്ഞാൽ 6 ന്റെ $\frac{1}{2}$ ഭാഗം = 3 മീ.കൂടുതൽ ഉദാഹരണങ്ങൾ വ്യക്തിഗതമായി നൽകുന്നു. വിലയിരുത്തുന്നു.

മടങ്ങു പോലെ ഭാഗത്തേയും ഗുണനമായാണ് എഴുതുന്നത്.

എണ്ണൽ സംഖ്യയുടെ നിശ്ചിത ഭാഗത്തെ ഗുണനമായി വ്യാഖ്യാനിച്ച് ഗുണന ക്രിയയായി എഴുതുന്നതിനുള്ള ഒരു **വർക്ക് ഷീറ്റ് – 3** നൽകുന്നു –വ്യക്തിഗതം –വിലയിരുത്തൽ

**തിരിച്ചുപറഞ്ഞാൽ**

3 ന്റെ $\frac{1}{4}$ ൽ ഒരു ഭാഗം എന്നത് എങ്ങനെ എഴുതാം 3 X $\frac{1}{4} = \frac{3}{4}$

$\frac{1}{4}$ ന്റെ 3 മടങ്ങ് എന്നത് എന്താണ് ഇതും $\frac{3}{4}$ ആണെന്ന് കുട്ടികൾ കണ്ടെത്തുന്നു. അതായത് 3 X $\frac{1}{4} = \frac{1}{4}$ X $3 = \frac{3}{4}$ എന്ന ധാരണയിൽ എത്തിച്ചേരുന്നു .തുടർന്ന് PB . No : 30 ലെ പ്രവർത്തനങ്ങൾ വ്യക്തിഗതമായി കുട്ടികളോട് ചെയ്യാൻ ആവിശ്യപ്പെടുന്നു.

## ഗുണനക്രിയകൾ (1 preriod )

മീ.നീളമുള്ള 4 ചരടുകൾ അറ്റത്തോടറ്റം ചേർത്തു വെച്ചാൽ എത്ര നീളമാകും ?

$\frac{1}{3}$ ന്റെ 4 മടങ്ങ് = $\frac{1}{3}$ X 4 =1$\frac{1}{3}$

കുട്ടികൾക്ക് ചരട് നൽകി കണ്ടുപിടിക്കാൻ ആവശ്യപ്പെടുന്നു

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

$\frac{1}{3}+\frac{1}{3}+\frac{1}{3}+\frac{1}{3} = \frac{1+1+1+1}{3} = \frac{4}{3} = 1\frac{1}{3}$

$\frac{1}{3}$ ന്റെ 4 മടങ്ങോ ?

$\frac{2}{3}+\frac{2}{3}+\frac{2}{3}+\frac{2}{3} = \frac{2x4}{3} = \frac{8}{3} = 2\frac{2}{3}$ എന്ന് കുട്ടികൾക്ക് പറയാൻ കഴിയണം

തുടർന്ന്

ഒരു കുപ്പിയിൽ $\frac{3}{4}$ ലിറ്റർ പാലുണ്ടെങ്കിൽ ഇത്തരം ഏഴു കുപ്പികളിൽ ആകെ എത്ര പാലുണ്ടാവും ?

$\frac{3}{4}$ X 7 = $\frac{3x\ 7}{4} = \frac{21}{4}$ എന്ന് പറയുന്നു.

ഇനി $\frac{21}{4}$ നെ പിരിച്ചെഴുതുന്നതെങ്ങനെ ?

21 നെ 4 കൊണ്ട് ഹരിച്ച് ഇങ്ങനെ എഴുതാം

21 = (5 X4) + 1

അപ്പോൾ $\frac{21}{4} = \frac{(5x4)+1}{4} = \frac{5x4}{4} + \frac{1}{4} = 5 + \frac{1}{4} = 5\frac{1}{4}$

അതായത് 7 കുപ്പികളിൽ ആകെ 5 $\frac{1}{4}$ ലിറ്റർ

TB.NO 32 ലെ പ്രവർത്തനങ്ങൾ വ്യക്തിഗതമായി ചെയ്യാൻ ആവിശ്യപെടുന്നു.വിലയിരുത്തുന്നു തുടർന്ന് ഗുണന ക്രിയയായി എഴുതി ക്രിയാഫലം കാണുന്നതിനും രക്ഷിതാക്കൾക്ക് വിലയിരുത്തുന്നതിനുമായി ചില ചോദ്യങ്ങൾ നൽകുന്നു.

- 5 ന്റെ $\frac{2}{5}$ ഭാഗം എത്ര ?
- 13 ന്റെ $\frac{1}{5}$ ഭാഗം എത്ര ?
- $\frac{4}{5}$ ന്റെ 3 മടങ്ങ് എത്ര ?
- $\frac{4}{5}$ ന്റെ 6 മടങ്ങ് എത്ര ?
- 13 ന്റെ $\frac{3}{4}$ ഭാഗം എത്ര?
- 22 ന്റെ $\frac{3}{8}$ ഭാഗം എത്ര?
- $\frac{3}{7}$ ന്റെ 5 ഭാഗം എത്ര?


ക്രിയാശേഷി, സമർഥിക്കാനുള്ള കഴിവ് എന്നിവ വിലയിരുത്തണം

***ഭാഗത്തിന്റെ ഭാഗം*** (2 preriod )


visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

സുഹ്റയുടെ കയ്യിൽ ഒരു മീറ്റർ നീളമുള്ള ഒരു പട്ട് നാടയുണ്ട് .സുഹ്റ അതിന്റെ പകുതി സൗമ്യക്കു കൊടുത്തു .സൗമ്യ അതിന്റെ പകുതി റീനക്കു കൊടുത്തു റീനക്ക് കിട്ടിയത് എത്ര മീറ്ററാണ് ?
ഒരു മീറ്ററിന്റെ പകുതി അര മീറ്റർ അതിന്റെ പകുതിയോ ?




രണ്ടു പകുതിയേയും വീണ്ടും പകുതിയാക്കിയാൽ ഇതു വേഗം കാണാം .




റീനക്ക് കിട്ടിയത് $\frac{1}{4}$മീറ്റർ അതായത് പകുതിയുടെ പകുതി കാൽ ഭാഗങ്ങളെ ഗുണക രമായി എഴുതിയാൽ

$$\frac{1}{2} x \frac{1}{2} = \frac{1}{4}$$

ഈ പ്രവർത്തനം റിബ്ബൺ /പേപ്പർ സ്ട്രിപ്പ് ഉപയോഗിച്ച് വിശദീകരിക്കണം വ്യക്തിഗത മായി കണ്ടെത്താൻ അവസരം നൽകണം കണ്ടെത്തലുകൾ അവതരിപ്പിക്കണം.
തുടർന്ന് കുട്ടികളെ 4 ഗ്രൂപ്പുകളാക്കുന്നു റിബ്ബൺ /പേപ്പർ സ്ട്രിപ്പ് നൽകുന്നു.ഒരോ ഗ്രൂപ്പിനും $\frac{1}{3}$ ന്റെ $\frac{1}{2}$ ഭാഗം, $\frac{1}{4}$ ന്റെ $\frac{1}{3}$ ഭാഗം, $\frac{1}{2}$ ന്റെ $\frac{1}{5}$ ഭാഗം, $\frac{1}{2}$ ന്റെ $\frac{1}{6}$ ഭാഗം എന്നീ ചോദ്യ ങ്ങൾ യഥാ ക്രമം നൽകുന്നു.


റിബ്ബൺ പേപ്പർ സ്ട്രിപ്പ് ഉപയോഗിച്ച് വിശദീകരിച്ച് ക്രിയകളും ഉത്തരങ്ങളും കണ്ടെ ത്തട്ടെ പരസ്പരം വിലയിരുത്തണം.

## മനക്കണക്ക് :


- $\frac{1}{3} x \frac{1}{4}$
- $\frac{1}{5} x \frac{1}{8}$
- $\frac{1}{7} x \frac{1}{2}$
- $\frac{1}{5} x \frac{1}{3}$

etc............

## ചതുര വിഭജനം : (2 preriod )



ഒരു ചതുരത്തിനെ കുറുകെ മുറിച്ച് രണ്ട് സമഭാഗങ്ങളാക്കുക.



ചിത്രത്തിലെ ചുവപ്പ് നിറ മുള്ള ഭാഗം ഷെയ്ഡ് ചെയ്ത ഭാഗത്തിന്റെ $\frac{1}{3}$ ആണ് അതായത് പകുതി യടെ $\frac{1}{3}$ ആണ്

Downloaded from: https://textbooksall.blogspot.com/

ഇനി ഇതിനെ വിലങ്ങനെ 3 സമഭാഗങ്ങളാക്കിയാലോ ?

അത് മൊത്തം ചതുരത്തിന്റെ $\frac{1}{6}$ ആണ്

പകുതിയുടെ $\frac{1}{3}$ ഭാഗം $\frac{1}{6}$ ആണ്

$$\frac{1}{2} x \frac{1}{3} = \frac{1}{6}$$


തുടർന്ന്,
- $\frac{1}{2}$ ന്റെ $\frac{1}{4}$ ഭാഗം
- $\frac{1}{5}$ ന്റെ $\frac{1}{3}$ ഭാഗം
- $\frac{1}{6}$ ന്റെ $\frac{1}{3}$ ഭാഗം


എന്നിവ കുട്ടികൾ നോട്ടുബുക്കുകൾ ചിത്രം വരച്ച് വിശദീകരിക്കട്ടെ

**കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു.**
**ഇടപെടലുകൾ നടത്തുന്നു വിലയിരുത്തുന്നു.**


## നെടുകെയും കുറുകയും :


$\frac{1}{2}$ ഭാഗത്തിന്റെ $\frac{1}{3}$ ഭാഗം $\frac{1}{6}$





മറിച്ചായാലോ





$\frac{1}{3}$ ഭാഗത്തിന്റെ $\frac{1}{2}$ ഭാഗവും $\frac{1}{6}$ തന്നെ

$$\frac{1}{2} x \frac{1}{3} = \frac{1}{3} x \frac{1}{2} = \frac{1}{6}$$

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

ഇതു പോലെ $\frac{1}{4} x \frac{1}{3} = \frac{1}{3} x \frac{1}{4}$ എന്നത് ചിത്രം വരച്ചും പേപ്പർ മടക്കിയും സമർത്ഥിക്കാൻ കുട്ടികളോട് ആവിശ്യപ്പെടുന്നു
(ഗ്രൂപ്പ് മാർക്ക് – ഇടപെടലുകൾ – വിലയിരുത്തൽ –ഫീഡ് ബാക്ക്)

തുടർന്ന് പേജ് 35, 36 ലെ കണക്കുകൾ കുട്ടികൾ സ്വയം ചെയ്ത് പരസ്പരം വിലയിരുത്തണം ടീച്ചർ വിലയിരുത്തലിനാവശ്യമായ ഫീഡ് ബാക്ക് നൽകുന്നു

***ആശയധാരണ നിഗമനം രൂപീകരിക്കാനുള്ള കഴിവ് യുക്തി സഹമായി സമർത്ഥിക്കാനുള്ള കഴിവ് വ്യാഖ്യാനിക്കൽ എന്നിവ വിലയിരുത്തണം നോട്ടുബുക്കിൽ വരച്ചത് പോർട്ട്ഫോളിയോയുടെ ഭാഗമായി വിലയിരുത്തണം ആശയ വിനിമയ ശേഷി വിലയിരുത്തണം.***

*__ഭാഗത്തിലെ മടങ്ങ് :__* (4 preriod )

ഒരു ഭിന്ന സംഖ്യയുടെ നിശ്ചിത ഭാഗങ്ങളിൽ ഒന്നിന്റെ മടങ്ങ് കണക്കാക്കുന്നതിനുള്ള പ്രവർത്തനമാണിത്.

2 ലിറ്റർ പാൽ ഒരേ വലിപ്പമുള്ള 3 കുപ്പികളിൽ നിറച്ചു.അതിലൊരു കുപ്പിയുടെ കാൽ ഭാഗം ഒരു ഗ്ലാസിലൊഴിച്ചു.ഗ്ലാസിലെത്ര പാലുണ്ട് ?

ഈ പ്രശ്നം വിശദീകരിച്ച് (ചോദ്യങ്ങളിലൂടെ) ചർച്ച ചെയ്യുന്നു.

***കുപ്പികളും ഗ്ലാസും ഉപയോഗിച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു***

ഒരോ കുപ്പിയിലും എത്ര പാലുണ്ട്

2 ലിറ്ററിന്റെ $\frac{1}{3}$ ഭാഗമാണ് ഒരോ കുപ്പിയിലും അതായത് $\frac{2}{3}$ ലിറ്റർ

ഒരു ഗ്ലാസിലുള്ള പാലിന്റെ അളവെന്ത് ? ഇതിനെ എങ്ങനെ പറയാം

$\frac{2}{3}$ ലിറ്ററിന്റെ $\frac{1}{4}$ ഭാഗമാണ് ഗ്ലാസിലുള്ളത്

$\frac{2}{3}$എന്നാൽ 2 ന്റെ $\frac{1}{3}$ ഭാഗം

അപ്പോൾ $\frac{2}{3}$ ന്റെ $\frac{1}{4}$ ഭാഗം എന്നാൽ 2 ന്റെ $\frac{1}{3}$ ഭാഗത്തിന്റെ $\frac{1}{4}$ ഭാഗം

$\frac{1}{3}$ ഭാഗത്തിന്റെ $\frac{1}{4}$ ഭാഗം എന്നത് $\frac{1}{3} x \frac{1}{4} = \frac{1}{3x4} = \frac{1}{12}$

അപ്പോൾ $\frac{2}{3}$ ന്റെ $\frac{1}{4}$ ഭാഗമെന്നത് 2 ന്റെ $\frac{1}{12}$ ഭാഗമാണ്

അതായത് ,

$$\frac{2}{3} x \frac{1}{12} = \frac{2}{12} = \frac{1}{6}$$

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

അപ്പോൾ ഗ്ലാസിൽ $\frac{1}{6}$ ലിറ്റർ പാലുണ്ട്.

ഇവിടെ കണ്ടുപിടിച്ചത് $\frac{2}{3}$ ന്റെ $\frac{1}{4}$ ഭാഗമാണ്.

ഇത് $\frac{2}{3} x \frac{1}{4}$ എന്നെഴുതാം

അതായത് ,

$$\frac{2}{3} x \frac{1}{4} = \frac{2}{12} = \frac{1}{6}$$

ഉത്തരത്തിലെത്തിയ രീതി കുട്ടികൾ സ്വയം അവതരിപ്പിക്കട്ടെ .ചർച്ചയിലൂടെ ക്രോഡീകരിക്കുന്നു.

***2 ലിറ്ററിന്റെ $\frac{1}{3}$ ഭാഗം = $\frac{2}{3}$ ലിറ്റർ ($\frac{2}{3}$ ലിറ്റർ എന്നാൽ 2 ലിറ്ററിനെ മൂന്നായി ഭാഗിച്ചതിന്റെ ഒരു ഭാഗം എന്നാണല്ലോ)***

***$\frac{2}{3}$ ലിറ്ററിന്റെ $\frac{1}{4}$ ഭാഗം എന്നാൽ 2 ലിറ്ററിന്റെ $\frac{1}{3}$ ഭാഗത്തിന്റെ $\frac{1}{4}$ ഭാഗം .***

***അതായത്,*** $2x\left[\frac{1}{3} x \frac{1}{4}\right] = 2\, x\, \frac{1}{12} = \frac{2}{12} = \frac{1}{6}$

## ***അരിക്കണക്ക് :***

$\frac{1}{2}$ കിലോഗ്രാം അരി 4 സഞ്ചികളിൽ ഒരു പോലെ നിറച്ചു.ഇതിൽ 3 സഞ്ചികളിൽ ഒന്നിച്ചെടുത്താൽ എത്ര കിലോഗ്രാം അരി കിട്ടും ?

ഒരോ സഞ്ചിയിലും $\frac{1}{2}$ കിലോഗ്രാമിന്റെ $\frac{1}{4}$ ഭാഗം

അതായത്, $\frac{1}{2} x \frac{1}{4} = \frac{1}{2x4} = \frac{1}{8}$ കിലോഗ്രാം

3 സഞ്ചിയിൽ ഇതിന്റെ 3 മടങ്ങ് $\frac{1}{8}\ x\ 3 = \frac{3}{8}$

3 സഞ്ചിയിൽ 3/8 കിലോഗ്രാം (375 ഗ്രാം)

ഒരു സഞ്ചിയിൽ അര കിലോഗ്രാമിന്റെ കാൽഭാഗമാണല്ലോ ഉള്ളത് .മൂന്നു കാൽ ചേർന്നാൽ മുക്കാൽ.അപ്പോൾ മൂന്ന് സഞ്ചിയിലും കൂടി $\frac{1}{2}$ കിലോഗ്രാമിന്റെ $\frac{3}{4}$ ഭാഗം എന്നും പറയാം.

അതായത് , $\frac{1}{2}$ന്റെ $\frac{3}{4}$ ഭാഗം $\frac{3}{8}$

ഗുണനമായെഴുതിയാൽ,

$$\frac{1}{2} x \frac{3}{4} = \frac{3}{8}$$

ഇതു കണ്ടുപിടിച്ച വഴി നോക്കൂ.

$$\frac{1}{2} x \frac{3}{4} = \frac{1}{2} x \frac{1}{4}\ x3$$

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

$\frac{1}{2x4}x3 = \frac{1}{8}x\ 3 = \frac{3}{8}$


ചർച്ചകൾക്ക് ശേഷം ഇങ്ങനെ ക്രോഡീകരിക്കാം

$\frac{1}{2}$ ന്റെ $\frac{1}{4}$ ഭാഗം $\frac{1}{2}x\frac{1}{4}\ x\frac{1}{8}$ എന്ന് കുട്ടിക്കറിയാം.
ഇനി ഇതിന്റെ 3 മടങ്ങ് കാണാൻ


$\frac{1}{8}$ന്റെ 3 മടങ്ങ് $\frac{1}{8}x3 = \frac{3}{8}$ കിലോഗ്രാം 375 ഗ്രാം
തുടർന്ന് ,

$\frac{1}{3}$ മീറ്ററിന്റെ $\frac{2}{5}$ ഭാഗം ചിത്രത്തിന്റെ സഹായത്തോടെ അവതരിപ്പിക്കാമോ ?
$\frac{1}{3}$ ന്റെ $\frac{2}{5}$ ഭാഗം $\frac{1}{3}$ന്റെ $\frac{1}{5}$ഭാഗത്തിന്റെ 2 മടങ്ങാണ്.

ഒരു സമചതുരത്തിനെ കുറുകെ
മുറിച്ച് മൂന്ന് സഹഭാഗങ്ങളാക്കി .




വീണ്ടും അതിനെ വിലങ്ങനെ അഞ്ചു ഭാഗങ്ങളാക്കുന്നു.



ചിത്രത്തിലെ ചുവന്ന ഭാഗം മുഴുവൻ ചതുരത്തിന്റെ $\frac{2}{15}$ ഭാഗമാണ് ഷെയ്ഡ് ചെയ്ത ഭാഗത്തിന്റെ $\frac{1}{5}$ ഭാഗവുമാണ്.

visit: https://textbooksall.blogspot.com/


Downloaded from: https://textbooksall.blogspot.com/




അതായത് $\frac{2}{3}$ ന്റെ $\frac{1}{5}$ ഭാഗം

$$\frac{2}{3} x \frac{1}{5} = \frac{2}{15}$$

ഇതു പോലെ $\frac{2}{3} x \frac{1}{4}$ , $\frac{1}{3} x \frac{2}{3}$ തുടങ്ങിയവ കുട്ടികൾക്ക് ചിത്രം വരച്ചും കടലാസ് മടക്കിയും വിശദീകരിക്കാൻ അവസരം നൽകുന്നു.



$$\frac{2}{3} x \frac{1}{4} = \frac{2}{12} = \frac{1}{6}$$



$$\frac{1}{3} \; x \; \frac{2}{3} = \frac{2}{9}$$

❖ $\frac{2}{3}$ ന്റെ $\frac{4}{5}$ ഭാഗം ഇതു പോലെ ചിത്ര രീതിയിൽ അവതരിപ്പിക്കാമോ ?
കുട്ടികൾ നോട്ടുബുക്കിൽ സ്വയം വരച്ച് രേഖപെടുത്തട്ടെ .

$\frac{2}{3}$ ന്റെ $\frac{4}{5}$ ഭാഗം കാണാൻ 2 ന്റെ $\frac{1}{3}$ ഭാഗത്തിന്റെ $\frac{1}{5}$ ഭാഗം
കണക്കാക്കി അതിന്റെ 4 മടങ്ങാണ്കാണേണ്ടത് .

2 ന്റെ $\frac{1}{3}$ ഭാഗത്തിന്റെ $\frac{1}{5}$ഭാഗം 2 ന്റെ $\frac{1}{15}$ ഭാഗം = $\frac{2}{15}$

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

$\frac{2}{15}$ ന്റെ 4 മടങ്ങ് $\frac{8}{15}$

തുടർന്ന് $\frac{3}{5}$ ന്റെ $\frac{4}{9}$ ഭാഗം കണ്ടുപിടിക്കാൻ ഗ്രൂപ്പ് വർക്കായി നൽകുന്നു.

കുട്ടികൾ ഗ്രൂപ്പിൽ ക്രിയാരീതി ചർച്ച ചെയ്യുന്നു.അവതരിപ്പിക്കുന്നു പരസ്പരം വിലയിരുത്തുന്നു.മെച്ചപ്പെടുത്തുന്നു.

**മറ്റൊരു വഴി**

**$\frac{3}{5}$ $x$ $\frac{4}{9}$ ഇങ്ങനെയും കണക്കാക്കാം**

$$\frac{3}{5}x\frac{4}{9}=\frac{3x4}{5x9}=\frac{3x4}{5x3x3}=\frac{4}{5x3}=\frac{4}{15}$$

TB NO. 40 ലെ പ്രവർത്തനങ്ങൾ കുട്ടികൾ സ്വയം ചെയ്യട്ടെ.ആവിശ്യമായ നിർദേശങ്ങൾ നൽകണം ടീച്ചർ വിലയിരുത്തുകയും വേണം

ചുവടെയുള്ളവ പരിശോധിച്ച് ഭിന്നസംഖ്യകളുടെ ഗുണനം മനകണക്കായി ചെയ്യുന്നതിനുള്ള രീതി കുട്ടികൾ സ്വയം കണ്ടെത്തട്ടെ .

- $\frac{2}{3}\mathrm{x}\frac{1}{4}=\frac{2}{12}=\frac{1}{6}$
- $\frac{1}{2}x\frac{3}{4}=\frac{3}{8}$
- $\frac{2}{3}x\frac{4}{5}=\frac{8}{15}$
- $\frac{1}{3}\ x\frac{1}{4}=\frac{1}{12}$
- $\frac{1}{3}x\frac{2}{5}=\frac{2}{15}$
- $\frac{3}{5}x\frac{4}{9}=\frac{12}{45}=\frac{4}{15}$

തുടർന്ന് പേജ് 40 ലെ കണക്കുകൾ കുട്ടികൾ സ്വയം ചെയ്ത് പരസ്പരം വിലയിരുത്തുകയും ടീച്ചർ വിലയിരുത്തുകയും വേണം

## <u>മറ്റു ചില കണക്കുകൾ</u> :

❖ രാമുവിന്റെ പറമ്പിലെ $\frac{3}{5}$ ഭാഗം മകന് കൊടുത്തു മകൻ അതിന്റെ $\frac{2}{3}$ ഭാഗം അയാളുടെ മകൾക്ക് കൊടുത്തു.മകൾക്ക് കിട്ടിയത് രാമുവിന്റെ പറമ്പിന്റെ എത്ര ഭാഗമാണ്.?

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

- ഒരു ക്ലാസിൽ കുട്ടികളിൽ $\frac{4}{7}$ ഭാഗം പെൺകുട്ടികളാണ് പെൺകുട്ടികളുടെ $\frac{2}{5}$ ഭാഗവും ആൺകുട്ടികളുടെ $\frac{3}{5}$ ഭാഗവും വാഹനത്തിലാണ് സ്കൂളിൽ വരുന്നത് വാഹനത്തിൽ വരുന്ന ആൺകുട്ടികൾ ആകെ കുട്ടികളുടെ എത്ര ഭാഗം ? വാഹന ത്തിൽ വരുന്ന പെൺകുട്ടികൾ ആകെ കുട്ടികളുടെ എത്ര ഭാഗം ?

✓ ***ഭിന്നസംഖ്യകളുടെ ഗുണനത്തെക്കുറിച്ച് ആശയ ധാരണ,നിഗമന രൂപീകരണ ശേഷി,പ്രശ്ന പരി ഹരണ ശേഷി,പരസ്പര ബന്ധം കണ്ടെത്തൽ, എന്നിവ വിലയിരുത്തണം വരച്ച ചിത്രങ്ങൾ പോർട്ട്ഫോളിയോയുടെ ഭാഗമായി വിലയിരു ത്തണം***

***<u>മടങ്ങിലെ ഭാഗം :</u>*** (3 preriod )

ഒന്നിനേക്കാൾ വലിയ ഒരു ഭിന്നത്തിന്റെ നിശ്ചിത മടങ്ങ് കണക്കാക്കുന്നതിനുള്ള താണ് ഈ പ്രവർത്തനം.

- ഒരു കുപ്പിയിൽ ഒന്നര ലിറ്റർ വെള്ളം കൊള്ളും ഇത്തരം 4 കുപ്പികളിലെ വെള്ളം ഒരു പാത്രത്തിലൊഴിച്ചു.
  പാത്രത്തിൽ എത്രവെള്ളമുണ്ട് ?

രണ്ടു തവണ ഒഴിക്കുമ്പോൾ മൂന്ന് ലിറ്റർ .നാല് തവണയാകുമ്പോൾ ആറ് ലിറ്റർ.

ഇവിടെ കണ്ടുപിടിച്ചത് $1\frac{1}{2}$ ന്റെ 4 മടങ്ങാണ്
ഇത് ഗുണനമായി എഴുതിയാൽ

$$1\frac{1}{2} x \ 4 = \ 6$$

**ഈപ്രവർത്തനം കുപ്പി ഉപയോഗിച്ച് ക്ലാസിൽ അവതരിപ്പിക്കണം**

- $2\frac{1}{4}$ ലിറ്റർ കൊള്ളുന്ന 3 കുപ്പികളിലെ വെള്ളമാണ് പാത്രത്തിൽ ഒഴിച്ചതെങ്കിലോ ?

2 ലിറ്റർ വീതമുള്ള കുപ്പികളാണെങ്കിൽ 6 ലിറ്റർ. ഇവിടെ ഒരോ കുപ്പിയിലും $\frac{1}{4}$ ലിറ്റർ കൂടിയുണ്ട്

അപ്പോൾ $\frac{3}{4}$ ലിറ്റർ കൂടി കൂട്ടണം അതായത് $6\frac{3}{4}$ ഇത് ഗുണനമായി എഴുതിയാലോ ?

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

$$2\frac{1}{4} x\ 3 = \left[2 + \frac{1}{4}\right] x3 = (2x3) + \left[\frac{1}{4} x\ 3\right] = 6 + \frac{3}{4} = 6\frac{3}{4}$$

മറ്റോരു വിധത്തിലും ഇതു കണക്കാക്കാം $2\frac{1}{4}$ ലിറ്ററിനെ $\frac{9}{4}$ ലിറ്റർ എന്നെവുതാമല്ലോ അതായത് 9 ലിറ്ററിനെ $\frac{1}{4}$ ഭാഗം ഇതിന്റെ മൂന്ന് മടങ്ങാണ്.കണക്കാക്കേണ്ടത്.

അപ്പോൾ $2\frac{1}{4} x\ 3 = \frac{9}{4} x3$

$$= \frac{27}{4} = 6\frac{3}{4}$$

- 6 മീറ്റർ എന്നത് 2 മീറ്ററിന്റെ 3 മടങ്ങാണ് അപ്പോൾ എഴ് മീറ്ററോ ?

കുട്ടികൾ ചർച്ച ചെയ്യുന്നു. ശേഷം 2 മീറ്ററിന്റെ 3 മടങ്ങും പിന്നെ ഒരു മീറ്ററും .
മറ്റോരു രീതിയിൽ പറഞ്ഞാൽ 2 മീറ്ററിന്റെ മൂന്ന് മടങ്ങും പിന്നെ രണ്ട് മീറ്ററിന്റെ പകുതിയും

അതായത് 7 മീറ്ററിന് 2 മീറ്ററിന്റെ $3\ \frac{1}{2}$ മടങ്ങ് എന്ന് പറയാം

ഗുണനമായി എഴുതിയാൽ,

$$2x\ 3\frac{1}{2} = 2x\left[3 + \frac{1}{2}\right] = (2x3) + \left[2x\frac{1}{2}\right] = +61 = 7$$

ഇതുപോലെ 5 ന്റെ രണ്ടേക്കാൽ മടങ്ങ് എന്തെന്ന്
എന്നത് ക്രിയാത്മക രീതിയിൽ അവതരിപ്പിക്കാൻ ആവിശ്യപ്പെടുന്നു.–ഗ്രൂപ്പ് വർക്ക് – ആവശ്യമായ ഇടപെടലുകൾ നടത്തുന്നു – ചർച്ചയിലൂടെ ഇങ്ങനെ ക്രോഡീകരിക്കുന്നു.

$$5\ x\ 2\frac{1}{4} = 5x\ [2 + \frac{1}{4}]$$
$$= (5x2) + \left[5\ x\frac{1}{4}\right]$$
$$= 10 + 1\frac{1}{4}$$
$$= 11\frac{1}{4}$$

**ഇങ്ങനെയും കണക്കാക്കാം**

$$5x\ 2\frac{1}{4} = 5x\frac{9}{4}$$

$$= \frac{5x9}{} = \frac{45}{} = 11\frac{1}{}$$

ഒന്നിനേക്കാൾ വലിയോരു ഭിന്നത്തിന്റെ നിശ്ചിത മടങ്ങ് കണ്ടെത്തുന്നതിനുള്ള **വർക്ക് ഷീറ്റ് – 4** നൽകുന്നു.

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

"$2\frac{1}{4}$ ന്റെ $3\frac{1}{2}$ മടങ്ങ് '' എന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് വർക്ക് ഷീറ്റിൽ ഉൾപ്പെടുത്തുന്നത്.വിലയിരുത്തലിനും ഫീഡ് ബാക്കിനും ശേഷം TB NO 43 ലെ പ്രവർത്തനങ്ങൾ വ്യക്തിഗതമായി ചെയ്യാൻ ആവശ്യപ്പെടുന്നു.


**ക്രിയചെയ്യാനുള്ള കഴിവ് പ്രശ്നപരിഹരണശേഷി എന്നിവ വിലയിരുത്തണം.**

## *ഭിന്നപ്പരപ്പ്* (4 preriod )

വശങ്ങളുടെ അളവുകൾ ഭിന്ന സംഖ്യകൾ ആയാലും ചതുരത്തിന്റെ പരപ്പളവ് നീളവും വീതിയും ഗുണിച്ചാതാണെന്ന് സമർത്ഥിക്കുന്നതിനുള്ള പ്രവർത്തനമാണിത്.


പരപ്പളവ് കാണുന്നതിനുള്ള മുന്നോരുക്കം നടത്തുന്നു.
5 സെ. മീറ്റർ നീലവും 3 സെ.മീറ്റർ വീതിയും ഉള്ള ഒരു ചതുരത്തിന്റെ പരപ്പളവ് എത്രയാണ്. ?
ചതുരം വരച്ച് യൂണിറ്റ് സമചതുരങ്ങളാക്കി കണക്കാക്കാൻ ആവശ്യപെടുന്നു.അതിൽ നിന്നും 15 ചതുരശ്ര സെ.മീ ആണെന്നു കണ്ടെത്തുന്നു.
ഇതിൽ 15 യൂണിറ്റ് സമചതുരങ്ങൾ ഉണ്ട് അതിനാൽ ഒരു യൂണിറ്റ് സമചതുരത്തിന്റെ പരപ്പളവ് 1 സെമീ. X 1 സെമീ =1 ചതുരശ്ര സെമീ

കുട്ടികളോട് ഒരു യൂണിറ്റ് സമചതുരം നിർമിക്കാൻ ആവശ്യപ്പെടുന്നു
ഇങ്ങനെയുള്ള സമചതുരത്തെ രണ്ട് തുല്ല്യഭാഗങ്ങളാക്കിയാൽ അതിലെ ഒന്നിൻരെ പരപ്പളവ് എത്ര ചതുരശ്ര സെന്റീ മീറ്റർ ആണ് ?




- രണ്ട് തുല്ല്യ ഭാഗങ്ങളായ ചതുരങ്ങളിൽ ഒരോ ചതുരവും സമചതുരത്തിന്റെ $\frac{1}{2}$

ഭാഗമാണ് അതിനാൽ ഒരു ചതുരത്തിന്റെ പരപ്പളവ് $1\,x\frac{1}{2} = \frac{1}{2}$ ച.സെ.മീ
ഈ സമചതുരത്തിനെ വീണ്ടും 3 സമഭാഗങ്ങളാക്കിയാലോ ?




visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/


ഇതിലെ ഒരു ചതുരത്തിന്റെ പരപ്പളവ് = സമചതുരത്തിന്റെ പരപ്പളവിന്റെ $\frac{1}{6}$ ഭാഗം

അതായത് , $\frac{1}{6}$ ചതു.സെമീ

ഒരു ചതുരത്തിന്റെ പരപ്പളവ് $= \frac{1}{2} x \ \frac{1}{3} = \frac{1}{6}$

തുടർന്ന്

$5\ \frac{1}{2}$ സെ.മീ നീളവും $3\ \frac{1}{3}$ സെ.മീ വീതിയുമുള്ള ചതുരത്തിന്റെ പരപ്പളവ് എത്രയാണ് ?





താഴത്തെ വശത്തിനെ $\frac{1}{2}$ സെ.മീ വീതമുള്ള എത്രഭാഗങ്ങൾ ആക്കാമെന്ന് ചോദിക്കുന്നു.

11 ഭാഗങ്ങൾ കുട്ടികൾ കണ്ടെത്തുന്നു

ചതുരത്തിന്റെ $3\frac{1}{3}cm$ നീളമുള്ള വശത്തെ $\frac{1}{3}cm$ വീതമുള്ള എത്ര ഭാഗങ്ങളാക്കാം.

10 ഭാഗങ്ങളാക്കാമെന്ന് വരച്ച് കണ്ടെത്തുന്നു അതായത് ചതുരത്തെ $\frac{1}{2}$ സെ.മീ നീളത്തിലും $\frac{1}{3}$ സെ.മീ വീതിയും ഉള്ള കുറെ ചെറു ചതുരങ്ങൾക്കൊണ്ട് നിറക്കാം.

ഇത്തരത്തിലുള്ള എത്ര ചതുരങ്ങൾ വലിയ ചതുരത്തിൽ ഉണ്ടായിരിക്കും




visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

11 X 10 =110

ഇനി ഇതിൽ ഒരു ചതുരത്തിന്റെ പരപ്പളവ് എത്രയായിരിക്കും ?

$$\frac{1}{2}x\,\frac{1}{3} = \frac{1}{6}cm$$

ഇത്തരത്തിലുള്ള 110 ചതുരങ്ങളുടെ അതായത് ,

വലിയചതുരത്തിന്റെ പരപ്പളവ് $= 110x\,\frac{1}{6} = \frac{110}{6}$

$$= 18\,\frac{2}{6} = 18\frac{1}{3}$$

ഇവിടെ കമണക്കാക്കിയത്

$$11x10x\frac{1}{6} = 11x10x\frac{1}{2}x\frac{1}{6} = \frac{11}{2}x\frac{10}{3} = 5\frac{1}{2}x3\frac{1}{3} = 18\frac{1}{3}$$

***വീണ്ടുമൊരുപരപ്പളവ്***

ചതുരത്തിന്റെ വശങ്ങളുടെ നീളം ഭിന്നസംഖ്യയാകുമ്പോൾ പരപ്പളവ് കാണാൻ കണ്ടെത്തിയ രീതി കുട്ടികൾ സ്വയം എഴുതണം.


$\frac{3}{4}$ സെ.മീ നീളവും $\frac{2}{5}$ സെ.മീ വീതിയുമുള്ള ചതുരത്തിന്റെ പരപ്പളവ് എത്രയാണ് ?

$\frac{2}{5}$



$\frac{3}{4}$


ഇത്തരം 4 എണ്ണം നീളത്തിൽ ചേർത്തുവെച്ചാൽ താഴെയുള്ള ചതുരം കിട്ടും ?



3

ഇത്തരം 5 വരികൾ മുകളിലേക്ക് അടുക്കിയാലോ

2



3

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

ഈ ചതുരത്തിന്റെ പരപ്പളവ് എത്രയാണ്

ഇതിൽ എത്ര ചെറിയ ചതുരങ്ങളുണ്ട് ?

അപ്പോൾ ഒരോ ചെറിയ ചതുരവും വലിയ ചതുരത്തിന്റെ എത്ര ഭാഗമാണ്.?

ഇതിൽ നിന്ന് ചെറിയ ചതുരത്തിന്റെ പരപ്പളവ്

ഒരോ ചോദ്യത്തിനും കുട്ടികളിൽ നിന്നും ഉത്തരം കണ്ടെത്തണം

അതിൽ നിന്നും

ചെറിയ ചതുരത്തിന്റെ പരപ്പളവ് 6 ച.സെ.മീറ്ററിന്റെ $\frac{1}{20}$ ഭാഗമാണ് എന്ന് കാണാം

അതായത് , $6\,x\,\frac{1}{20} = \frac{6}{20}$

പരപ്പളവ് $= \frac{4}{3} x\ \frac{2}{5} = \frac{6}{20}$ എന്ന് ക്രോഡീകരിക്കണം

***ആശയ ധാരണ ,നിഗമന രൂപീക***
***രണ ശേഷി പരസ്പര ബന്ധം***
***കണ്ടെത്തൽ പ്രശ്ന പരിഹരണ***
***ശേഷി എന്നിവ വിലയിരുത്തണം.***

തുടർന്ന് TB NO46 ലെ കണക്കുകൾ കുട്ടികൾ സ്വയം ചെയ്യട്ടെ പരസ്പര വിലയിരുത്തൽ നടത്തണം. ക്ലാസ് വിലയിരുത്തലിന്റെ ഭാഗമായി **വർക്ക് ഷീറ്റ് 5** നൽകണം – വർക്ക് ഷീറ്റ് പോർട്ട് ഫോളിയോയുടെ ഭാഗമായി വിലയിരുത്തണം.

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

## വർക്ക് ഷീറ്റ് – 5

ചുവടെ കൊടുത്തിരിക്കുന്ന ഒരോ ക്രിയക്കും ഉചിതമായ പ്രയോഗിക സന്ദർഭങ്ങൾ കണ്ടെത്തുക ക്രിയാ രീതി വിശദീകരിക്കുക

1. $\frac{1}{4} x = \frac{3}{4}$
2. $3x \frac{1}{4} = \frac{3}{4}$
3. $\frac{1}{4} x 5 = 1\frac{1}{4}$
4. $6x \frac{1}{2} = 3$
5. $\frac{3}{4} x 7 = \frac{21}{4} = 5\frac{1}{4}$
6. $\frac{1}{3} x \frac{1}{2} = \frac{1}{6}$
7. $\frac{2}{3} x \frac{1}{4} = \frac{2}{12} = \frac{1}{6}$
8. $\frac{1}{2} x \frac{4}{5} = \frac{4}{10}$
9. $\frac{2}{3} x \frac{4}{5} = \frac{8}{15}$
10. $2\frac{1}{4} x\ 3 = \frac{27}{4} = 6\frac{3}{4}$

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

visit: https://textbooksall.blogspot.com/